പ്രൊഫ. സാവിത്രി ലക്ഷ്മണൻ : അത് പറഞ്ഞില്ല, അത്തരത്തിലുള്ള വീരശൂര പരാക്രമിയായ ഒരു എസ്.ഐ. യ്ക്കുപോലും രക്ഷയില്ല എന്നാണ് ഉദ്ദേശിക്കുന്നത്.

മി. സ്പീക്കർ : ടീച്ചർ കുഴപ്പത്തിലേയ്ക്കാണ് പോകുന്നത്, ഞാൻ പറയാം. സബ്മിഷൻ ഉന്നയിക്കേണ്ടത് എങ്ങനെയാണെന്ന് ഞാൻ പറയേണ്ട കാര്യമില്ല, അതിൽ പറയുന്ന രണ്ടു വാചകം ഇവിടെ ഉന്നയിക്കുക, മറുപടി പറയുക, അത്രയേയുള്ളൂ.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസ മേനോൻ) : സർ, തൃശ്ശൂർ വെള്ളിക്കുളങ്ങര ചന്ദനക്കുന്നിൽ ജോർജിനേയും അനിയൻ ആന്റണിയേയും വാക്ക് തർക്കത്തെത്തുടർന്ന് ബൈജു, ബാബു, ജസ്റ്റിൻ എന്നിവർ ചേർന്ന് 28.3.1999-ന് ഉച്ചതിരിഞ്ഞ് ദേഹോപദ്രവം ഏൽപിച്ചു. ഇതു സംബന്ധിച്ച് ഇൻഡ്യൻ ശിക്ഷാ നിയമത്തിലെ വധശ്രമം ഉൾപ്പെടെ വിവിധ വകുപ്പുകൾ ചേർത്ത് വെള്ളിക്കുളങ്ങര പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്തു. അന്നേദിവസം വൈകുന്നേരം ചാലക്കുടി സുരഭി തിയേറ്ററിൽ ടിക്കറ്റ് വാങ്ങുന്നതുമായി ബന്ധപ്പെട്ടുണ്ടായ തർക്കത്തെത്തുടർന്ന് മേൽപ്പറഞ്ഞ ബൈജു, ബാബു, ജസ്റ്റിൻ എന്നിവർ ചേർന്ന് റോബിൻ എന്ന ഒരാളിനെ കുത്തി പരിക്കേല്പിച്ചു. ഇതിന് ചാലക്കുടി പോലീസ് സ്റ്റേഷനിൽ ക്രൈം 142/99-ാം നമ്പരായി വധശ്രമം ഉൾപ്പെടെയുള്ള വകുപ്പുകൾ പ്രകാരം മറ്റൊരു കേസും രജിസ്റ്റർ ചെയ്തു. പ്രതികളെ പിടികൂടുന്നതിനിടയിൽ രണ്ട് സബ് ഇൻസ്പെക്ടർമാർക്കും ഒരു പോലീസ് കോൺസ്റ്റബിളിനും പരിക്കേറ്റിട്ടുണ്ട്. ബൈജു, ബാബു എന്നീ പ്രതികളെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കിയിട്ടുണ്ട്. ഒളിവിൽ പോയ മറ്റൊരു പ്രതിയെ അറസ്റ്റ് ചെയ്യാൻ ഊർജ്ജിതമായ അന്വേഷണം നടത്തിവരുന്നു. ഒറ്റപ്പെട്ട ഇത്തരം ചില സംഭവങ്ങൾ ഒഴിച്ചാൽ ചാലക്കുടി കൊടകര പ്രദേശങ്ങളിലെ ക്രമസമാധാനനില ഭദ്രമാണ്.

2. മണ്ണാർക്കാട് താലൂക്കിലെ എടത്തനാട്ടുകര പ്രദേശത്തുണ്ടായ കൊലപാതകങ്ങൾ

ശ്രീ. ജോസ് ബേബി : സർ, മണ്ണാർക്കാട് താലൂക്കിലെ പോലീസ് സ്റ്റേഷനാണ് നാട്ടുകൽ പോലീസ് സ്റ്റേഷൻ. ആ നാട്ടുകൽ പോലീസ് സ്റ്റേഷന്റെ പരിധിക്കുള്ളിൽ കഴിഞ്ഞ മൂന്ന് വർഷക്കാലത്തിനകം 5 കൊലപാതകങ്ങൾ-സംശയമരണങ്ങൾ ഉണ്ടായിട്ടുണ്ട്. പൊട്ടക്കിണറ്റിൽ മരിച്ചനിലയിൽ കണ്ടെത്തിയ കോൺഗ്രസ് നേതാവ് പരീത്, കുളത്തിൽ മരിച്ചുവീണനിലയിൽ കണ്ടെത്തിയ സുകു, നടുറോഡിൽവച്ച് അടിച്ച് കൊന്ന് പഞ്ചായത്ത് സ്റ്റേഡിയത്തിൽ തള്ളിയ എല്ലാനിക്കാട് അബ്ദുൽസലാം, മാർച്ച് 7-ന് എൻ.എസ്.എസ്. എസ്റ്റേറ്റ് റോഡിൽ അടിച്ചുകൊന്ന താഴെ ചുണ്ട് ചെറിയപ്പൻ തുടങ്ങിയ അഞ്ചോളം സംശയ മരണങ്ങൾ കഴിഞ്ഞ മൂന്നുവർഷത്തിനുള്ളിൽ ഉണ്ടായിട്ടുണ്ട്. യഥാർത്ഥത്തിൽ ഇതൊന്നും മറ്റ് ഇടപെടലുകളോ രാഷ്ട്രീയമായി ബന്ധപ്പെട്ട സംഭവങ്ങളോ അല്ല. എന്നാൽ, അവിടെ നടക്കുന്ന പല മരണങ്ങൾക്കും സംഭവങ്ങൾക്കും വേണ്ടസമയത്ത് നടപടിയെടുക്കാനോ കുറ്റക്കാരെ ശിക്ഷിക്കാനോ ശരിയായി റിയാക്ട് ചെയ്യാനോ ആ പോലീസ് സ്റ്റേഷനതിർത്തിയിലുള്ള പോലീസുകാർ ശ്രമിക്കുന്നില്ലായെന്നത് വളരെ ഗൗരവതരമായ ഒരു പ്രശ്നമാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയാണ് ഇതിന്

LIBRARY ARCHIVES Kerala Legislative Assembly

മറുപടി പറയേണ്ടത്. അദ്ദേഹത്തിന് അറിയാവുന്ന ഒരു പ്രദേശമെന്നുള്ള നിലയ്ക്ക് ആ സ്ഥലത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്ന ഇത്തരം കൊലപാതകങ്ങളിലും സംശയ മരണങ്ങളിലും അതുപോലുള്ള സംഭവങ്ങളിലും കുറ്റക്കാർക്കെതിരേ ശക്തമായ നടപടി സ്വീകരിക്കുകയും അവിടെയുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുകയും ചെയ്യണം. ഇപ്പോൾ അവിടത്തെ ജനങ്ങൾ മിനി ബോംബെ, പഞ്ചാബ് എന്നൊക്കെയാണ് ആ സ്ഥലത്തിന് പേരിട്ടിരിക്കുന്നത്. ആ സംഭവങ്ങളിൽ അവിടത്തെ ജനങ്ങൾ ഭയവിഹ്വലരാണ്. ജനങ്ങൾക്ക് ധൈര്യം കൊടുക്കാൻ വേണ്ടി കുറ്റക്കാരെ കണ്ടെത്തി ശിക്ഷിക്കാനാവശ്യമായ ശക്തമായ നടപടിയുണ്ടാകണമെന്നു ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് വിനീതമായി അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, പാലക്കാട് ജില്ലയിലെ എടത്തനാട്ടുകര വലിയവീട്ടിൽ പരീത് 26.10.1994-ന് വീട്ടുവളപ്പിൽ ഉള്ള പൊട്ടക്കിണറ്റിൽ മരിച്ചുകിടക്കുന്നതു സംബന്ധിച്ച് നാട്ടുകൽ പോലീസും തുടർന്ന് ക്രൈംബ്രാഞ്ചും അന്വേഷണം നടത്തി. അപകടമരണമാണെന്ന് തെളിഞ്ഞതിനാൽ അതിനെസംബന്ധിച്ച് 12.8.1996-ന് കോടതിയിൽ അന്തിമ റിപ്പോർട്ട് നൽകി. എടത്തനാട്ടുകര സ്വദേശി സുകുമാരൻ 26.5.1997-ന് കുളത്തിൽ കുളിക്കാനിറങ്ങവേ കാൽവഴുതി വീണ് മരണപ്പെട്ടു. നാട്ടുകൽ പോലീസ് അന്വേഷിച്ചതിൽ അത് ആകസ്മികമായ മുങ്ങി മരണമാണെന്ന് കണ്ട് കോടതിക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ട്. പുല്ലാനിക്കാട് അബ്ദുൾസലാം 19.12.1998-ന് കൊലചെയ്യപ്പെട്ട നിലയിൽ തോട്ടപ്പള്ളിയിൽ കാണപ്പെട്ടു. അതുസംബന്ധിച്ച് നാട്ടുകൽ പോലീസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയ ക്രൈം 252/98-ലെ കേസിലെ പ്രതികളായ മൂന്നുപേരെയും 21.12.1998-ന് അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കിയിട്ടുണ്ട്. എടത്തനാട്ടുകര ചെമ്പൻപാടം കോളനിയിലെ ചെറിയാപ്പയെ 7.3.1999-ന് എടത്തനാട്ടുകര പഞ്ചായത്ത് റോഡിൽവച്ച് ആക്രമിച്ച് കൊലപ്പെടുത്തി. അതുസംബന്ധിച്ച് നാട്ടുകൽ പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിച്ചതിൽ മുൻവിരോധമാണ് ഈ സംഭവത്തിന് ആസ്പദമായ കാരണമെന്ന് അറിയുന്നു. ഈ കേസിലെ മൂന്നു പ്രതികളേയും 11.3.1999-ന് അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കിയിട്ടുണ്ട്. ആക്ഷേപങ്ങളുണ്ടാകത്തക്കവിധം കുറ്റകൃത്യങ്ങളിന്മേൽ കാര്യക്ഷമമായ നടപടി സ്വീകരിക്കുവാൻ ഗവൺമെന്റ് ഡി.ജി.പി. ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

3. "നാട്പാക്" ജീവനക്കാരുടെ വിവിധ പ്രശ്നങ്ങൾ

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, നാട്പാകിലെ ജീവനക്കാരെ ഇന്ന് വാസ്തവത്തിൽ ഒരുവിഭാഗം ജീവനക്കാർ വേട്ടയാടിക്കൊണ്ടിരിക്കുകയാണ്. എല്ലാ ട്രാൻസ്ഫർ നോംസും ജനറൽ റൂൾസും ലംഘിച്ചുകൊണ്ട് രാഷ്ട്രീയപ്രേരിതമായ ട്രാൻസ്ഫറാണ് അവിടെ നടക്കുന്നത്. ഞാൻ ഒന്ന് രണ്ട് ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കാം. അസിസ്റ്റന്റ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ സെക്ഷൻ ഓഫീസറുടെ ഗ്രേഡിലുള്ളതാണ്. അദ്ദേഹത്തെ സ്റ്റോറിലേക്ക് മാറ്റി. സ്റ്റോറിൽ ഒരു അസിസ്റ്റന്റ് ചെയ്യുന്ന ജോലിയാണ് അദ്ദേഹത്തെക്കൊണ്ട് ചെയ്യിക്കുന്നത്. ഭരണകക്ഷിയുടെ യൂണിയനിൽപ്പെട്ട ആളിനെയാണ് ഇങ്ങോട്ട് കൊണ്ടുവന്നത്. ഇദ്ദേഹം ഭരണകക്ഷി യൂണിയനിൽപ്പെട്ട ആളല്ല. അതുതന്നെയാണ് പ്രധാനപ്പെട്ട കാരണം. അതിന് പകരം എടുത്ത ആൾ ആരാണെന്നറിയാമോ? ഒരു ടൈപ്പിസ്റ്റ് മൂത്ത് പി.എ. ആയ ആളിനെ കൊണ്ടു

LIBRARY ARCHIVES Kerala Legislative Assembly